# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 550

2014 ഡിസംബർ 2-ാം തീയതി മറുപടി നല്കേണ്ടത്

### കരാറുകാർക്ക് ഓരോ സാമ്പത്തിക വർഷവും നല്കിയ തുക

**ചോദ്യം**

**ശ്രീ. ബി. സത്യൻ**

ഉത്തരം

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കരാറുകാർക്ക് ഓരോ സാമ്പത്തിക വർഷവും എന്തു തുക വീതം കൊടുത്തുതീർത്തു; നടപ്പു സാമ്പത്തിക വർഷം കരാറുകാർ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12 സാമ്പത്തിക വർഷം 1582.14 കോടി രൂപയും, 2012-13 സാമ്പത്തിക വർഷം 2217.12 കോടി രൂപയും, 2013-14 സാമ്പത്തിക വർഷം 1426.37 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം ഇതുവരെയായി 1039.15 കോടി രുപയുടെ ബില്ലുകൾ കൊടുത്തുതീർക്കുന്നതിനുള്ള ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്; കരാറുകാർ നിർമ്മാണപ്രവൃത്തികൾ നിർത്തിവച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) നടപ്പു സാമ്പത്തിക വർഷം മരാമത്ത് പണികൾ, ആസ്തി വികസന ഫണ്ട് ചെലവഴിച്ച് ചെയ്യുന്ന നിർമ്മാണ പണികൾ എന്നിവയ്ക്ക് ഭരണ സാങ്കേതിക അനുമതി നൽകാതെ ബോധപൂർവ്വം കാലതാമസം വരുത്തിയിട്ടുണ്ടോ; | നടപ്പു സാമ്പത്തിക വർഷം ഭരണാനുമതി നല്കുന്നതിൽ ബോധപൂർവ്വം കാലതാമസം വരുത്തിയിട്ടില്ല. |

| | |
|---|---|
| സി) എം.എൽ.എ. മാർ നിർദ്ദേശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്ന വർക്കുകൾക്ക് ധനകാര്യ വകുപ്പ് ക്ലിയറൻസ് നൽകാതെ വരുന്നകാര്യം അറിയുമോ; എങ്കിൽ അടിയന്തിര നടപടി സ്വീകരിക്കാമോ? | എം.എൽ.എ. മാർ നിർദ്ദേശിക്കുന്നതനുസരിച്ച് ഭരണ വകുപ്പ് ശുപാർശ ചെയ്യുന്നതും മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുംവിധം സമർപ്പിക്കുന്നതുമായ പ്രവൃത്തി നിർദ്ദേശങ്ങൾക്ക് കാലതാമസം വരാതെ ക്ലിയറൻസ് നല്കാറുണ്ട്. |

സെക്ഷൻ ഓഫീസർ